ലക്കം 40

# ഗോസ്പൽ ട്രൂത്ത്

**അഖിലലോക സുവിശേഷ പ്രവർത്തനത്തെ പ്രോത്സാഹിപ്പിക്കുവാനുതകുന്ന വേദപുസ്തക സത്യങ്ങൾ**

For Private Circulation only

## ഇടയനാൽ നയിക്കപ്പെടുക

ഞാൻ എന്തു ചെയ്യേണം? ഞാൻ ഇവിടെ താമസിക്കണോ അതോ മറ്റൊരിടത്തേക്ക് മാറണോ? എന്റെ വിദ്യാഭ്യാസം തുടരണോ? ഞാൻ എന്തു തൊഴിൽപാതയാണ് പിന്തുടരേണ്ടത്? എനിക്ക് ചേർന്ന ജീവിത പങ്കാളിയാണോ ഇത്? ഞാൻ ഏതു പള്ളിയിൽ പോകണം? എന്താണ് ശരി? ഏതാണ് ശരി? ഞാൻ എങ്ങനെ ജീവിക്കണമെന്നാണ് ദൈവം ആഗ്രഹിക്കുന്നത്? എന്തു ചെയ്യാനാണ് ദൈവം എന്നെക്കുറിച്ച് ആഗ്രഹിക്കുന്നത്? ഈ സാഹചര്യത്തിൽ പ്രതികരിക്കാനുള്ള ഏറ്റവും നല്ല മാർഗ്ഗം ഏതാണ്? എന്റെ ജീവിതത്തിലെ ഈ വെല്ലുവിളിയോട് എങ്ങനെ പ്രതികരിക്കണമെന്ന് എനിക്കറിയില്ല. ഞാൻ ആശയകുഴപ്പത്തിലായി.



ജീവിതം ചില ചോദ്യങ്ങളും ആശയകുഴപ്പങ്ങളും എടുക്കേണ്ട നിരവധി തീരുമാനങ്ങളും നിറഞ്ഞതായിരിക്കും. ചില തീരുമാനങ്ങൾ വളരെ ഗൗരവമേറിയതും ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്നതുമാണ്. മറ്റുള്ളവർ നിങ്ങളുടെ ജീവിതത്തിന്റെ പാത പോലും മാറ്റുന്നു.

ഈ വെല്ലുവിളികളെ നിങ്ങൾ ഒറ്റയ്ക്കോ നിങ്ങളുടെ സ്വന്തം ബുദ്ധികൊണ്ടോ നേരിടേണ്ടതല്ല എന്നതാണ് അതിശയകരമായ വാർത്ത! ദൈവത്തിന് നിങ്ങളുടെ ജീവിതത്തെക്കുറിച്ച് ഒരു ഉദ്ദേശമുണ്ട്. അവന് നിങ്ങൾക്കായി അതുല്യമായ ഒരു പദ്ധതിയുണ്ട്. ദൈവം പ്രാഥമികമായി നിങ്ങളുടെ ആത്മീയ ക്ഷേമത്തിൽ ശ്രദ്ധാലുവാണ്. എന്നാൽ നിങ്ങളുടെ ജീവിതത്തെ സ്പർശിക്കുന്ന എല്ലാ കാര്യങ്ങളിലും അവന് താൽപര്യമുണ്ട്.

പലരും സ്വന്തം ജ്ഞാനത്തിൽ വിശ്വസിക്കുന്നു. അവരുടെ തീരുമാനം എടുക്കുന്നത് അവരെ നയിക്കാനുള്ള അറിവ്, അവബോധം അല്ലെങ്കിൽ വികാരങ്ങൾക്ക് മുൻതൂക്കം കൊടുക്കുക, ചുറ്റുപാടുമുള്ള ജനങ്ങളുടെ ജീവിതരീതി അടിസ്ഥാനപ്പെടുത്തിയാകാം. യിരമ്യാ 10:23ൽ ഇപ്രകാരം വായിക്കുന്നു. “യഹോവേ, മനുഷ്യന് തന്റെ വഴിയും, നടക്കുന്നവന് തന്റെ കാലടികളെ നേരെയാക്കുന്നതും, സ്വാധീനമല്ലെന്ന് ഞാനറിയുന്നു”. തന്റെ സൃഷ്ടാവിന്റെ നടത്തിപ്പ് ഇല്ലാതെ ജീവിക്കുന്നവരല്ല തന്റെ സൃഷ്ടികൾ. മനുഷ്യന്റെ ചിന്തകളും വഴികളും മോശമായ തീരുമാനങ്ങളിലേക്ക് വിനാശകരമായ പ്രത്യാഘാതങ്ങളിലേക്കും നയിക്കും. (സദൃശ്യ. 16:25) “ചിലപ്പോൾ ഒരു വഴി മനുഷ്യന് ചൊവ്വായി തോന്നുന്നു. അതിന്റെ അവസാനമോ മരണവഴിയത്രെ. ഈ ജീവിതത്തിലൂടെ നിങ്ങളോടൊപ്പം സഞ്ചരിക്കാൻ എല്ലാ അറിവും ധാരണയും ശക്തിയും ആഗ്രഹമുള്ള ഒരു രക്ഷകൻ കൂടെയുണ്ട്. നിങ്ങൾ അവനെ അനുഗമിച്ചാൽ അവൻ നിങ്ങളെ സ്വർഗ്ഗത്തി

**“ദൈവത്തിന് നിങ്ങളുടെ ജീവിതത്തിലുള്ള എല്ലാ പ്രതിസന്ധികളെയും വെല്ലുവിളികളെയും വിജയകരമായി അതിജീവിക്കുവാനുള്ള താൽപര്യമുണ്ട്.”**


| | | | | |
|---|---|---|---|---|
| പത്രാധിപലേഖനം | ബൈബിൾ പഠനം : ദൈവ ഇഷ്ടം അറിയുന്നതെങ്ങനെ | അനുബന്ധ ലേഖനം : ദൈവ ഇഷ്ടം അറിയുന്നതെങ്ങനെ | ചോദ്യവും - ഉത്തരവും | നിങ്ങൾക്കറിയാമോ? തക്കസമയത്തെ വാക്ക് ഞാൻ നിന്റേമേൽ ദൃഷ്ടിവച്ച് നിനക്ക് ആലോചന പറിഞ്ഞുതരും |
| 3 | 4 | 5 - 8 | 9 | 10 |

# ബൈബിൾ

## എന്തു പഠിപ്പിക്കുന്നു.

**ദൈവവചനം**
2 തിമൊ. 3: 16-17, 2 പത്രൊ. 1: 20, 21,
മത്തായി 24: 35

**സ്നേഹബന്ധം**
മത്തായി 22: 37-40, യോഹ. 14: 21-23,
1 യോഹ. 4: 7-11

**മാനസാന്തരം**
അപ്പൊ. 3: 19, 17: 30, 2 കൊരി. 7:10

**പുതുജനനം**
യോഹ. 3: 3-7, 2 കൊരി. 5: 17,
റോമർ 6 : 1-4, എഫെ. 2: 1, 5-6).

**പാപത്തിൽ നിന്നും സ്വാതന്ത്ര്യം**
1 യോഹ. 5: 18, മത്തായി 1: 21,
യോഹ. 8: 11

**പരിശുദ്ധാത്മ നിറവ്**
അപ്പൊ. 19: 2, 15: 8-9, 1: 8).

**വിശുദ്ധി**
ലൂക്കോ. 1:73-75, എബ്രാ. 12:14,
1 പത്രൊ. 1: 15-16, തീത്തോ. 2: 11, 12, റോമ. 6: 22

**ദൈവരാജ്യം**
ലൂക്കോ. 17 : 20-21, റോമ. 14: 17, യോഹ. 18: 36

**സഭ**
അപ്പൊ. 2: 4-7, എഫെ. 4: 4-6,
1 കൊരി. 12: 12,13, കൊലൊ. 1: 18

**ഐക്യത**
യോഹ. 17: 20-23, ഗലാ. 3: 28,
വെളി. 18: 2-4

**ചട്ടങ്ങൾ**
മത്താ. 28: 19-20, 26: 26-30, 1 കൊരി. 11: 23-27,
യോഹ. 13: 14-17

**ദൈവീക രോഗശാന്തി**
ലൂക്കോ. 4: 18, യെശയ്യ. 53: 4-5,
യാക്കോബ് 5: 13-16

**വിവാഹശുശ്രൂഷ**
മത്താ. 19: 5-6, ലൂക്കോ. 16: 18,
റോമർ 7: 2-3, 1 കൊരി. 7: 10-11

**ബാഹ്യപ്രകടനം**
1 തിമൊ. 2: 9-10, 1 കൊരി. 11: 14-15,
ആവർത്തനം 22: 5

**അന്ത്യകാലം**
2 പത്രൊ. 3: 7-12, യോഹ. 5: 28-29,
2 കൊരി. 5: 10, മത്താ. 25: 31-46

**സമാധാനവാദം:**
ലൂക്കോസ് 6: 27-29, ലൂക്കോസ് 18: 20

**ആരാധന**
യോഹ. 4: 23-24, എഫെ. 5: 19, 2 കൊരി. 3: 17

**അന്ത്യകല്പന**
മർക്കൊസ് 16: 15

ലേക്ക് നയിക്കുക മാത്രമല്ല നിങ്ങളുടെ ജീവിതത്തിലെ ഏറ്റവും നല്ല തീരുമാനത്തിലേക്ക് നിങ്ങളെ നയിക്കുകയും ചെയ്യും. "ദൈവത്തിന് നിങ്ങളുടെ ജീവിതത്തിലുള്ള എല്ലാ പ്രതിസന്ധികളെയും വെല്ലുവിളികളെയും വിജയകരമായി അതിജീവിക്കുവാനുള്ള താൽപര്യമുണ്ട്."

ജീവിതത്തിന്റെ കുഴപ്പങ്ങളും വെല്ലുവിളികളും സമ്മർദ്ദത്തിനും ഉത്കണ്ഠയ്ക്കും കാരണമാകുന്ന നിരവധി അനിശ്ചിതത്വങ്ങൾ ഉള്ളപ്പോൾ നിങ്ങൾ ഇരുട്ടിൽ അല്ലെങ്കിൽ ആശയകുഴപ്പത്തിന്റെ അവ്യക്തതയിൽ നടക്കാൻ ദൈവം ആഗ്രഹിക്കുന്നില്ല. അവൻ സ്വസ്ഥതയുള്ള വെള്ളത്തിനരികിലേക്ക് നയിക്കുന്ന നല്ല ഇടയനത്രെ. അവൻ ആ പരിചാരകൻ ആകാൻ ആഗ്രഹിക്കുന്നു. സ്നേഹിതൻ, എല്ലാത്തിനും എല്ലാം, രക്ഷകൻ, കൂരിരുൾ താഴ്വരയിലും നിന്റെ കൂടെ ഇരിക്കുന്നവൻ.

യേശു ഒരു നല്ല ഇടയനാണെന്ന് യോഹന്നാൻ 10-ാം അദ്ധ്യായത്തിൽ കാണുന്നു. ആടുകൾ അവന്റെ ശബ്ദം കേൾക്കുന്നു. തന്റെ ആടുകളെ അവൻ അറിയുന്നു. അവൻ അവയ്ക്ക് മുമ്പായി നടക്കുന്നു. ആടുകൾ അവനെ അനുഗമിക്കുന്നു. അന്യന്മാരുടെ ശബ്ദം അറിയായ്കകൊണ്ട് അവർ അവനെ വിട്ട് ഓടിപ്പോകുന്നു. (യോഹ. 10:3 - 5)

യേശു നിങ്ങളുടെ പേർ അറിയുന്നു. നിങ്ങൾ എടുക്കുന്ന തീരുമാനങ്ങളും അവൻ അറിയുന്നു. യേശുവിന്റെ ശബ്ദം നിങ്ങളുടെ വികാരത്തേയും ചിന്തകളേയും ആഴ്ന്നിറങ്ങുകയും ആശ്വാസവും സമാധാനവും പ്രദാനം ചെയ്യുന്നു. നിങ്ങൾക്ക് മുമ്പായി യേശു കടന്നുചെന്ന് എല്ലാ ദുർഘടങ്ങളെ നീക്കി വഴി നിരപ്പാക്കുന്നു. നീ അവനെ പിന്തുടരാൻ തയ്യാറാണോ? ഇടയന്റെ ശബ്ദം ദൈവമക്കൾ അറിയുകയും അവനെ അനുഗമിക്കുകയും ചെയ്യും. അന്യശബ്ദങ്ങളിൽ നിന്നും അവർ ഓടിപ്പോകും. ദൈവീക വിശുദ്ധിയിൽ നിന്നും വചനത്തിൽ നിന്നും അവർ ക്രമേണ അകന്നകന്ന് യേശുവിൽ നിന്നും ദൂരെ പോകുകയും ചെയ്യുന്നു.

ദൈവശബ്ദം കേൾക്കാൻ കഴിയാത്ത ചില സന്ദർഭങ്ങൾ നമ്മുടെ ജീവിതത്തിൽ വന്നേക്കാം. അത്തരുണത്തിൽ സ്വന്ത വിവേകത്തിൽ തീരുമാനം കൈക്കൊള്ളാതെ ദൈവശബ്ദം കേൾക്കാൻ അവന്റെ പാദപീഠം കാത്തു ഇരുന്ന് ദൈവത്തോട് നിരപ്പു പ്രാപിക്കാൻ കഴിഞ്ഞാൽ അവൻ വീണ്ടും തന്റെ കൃപയാൽ നിറച്ച് വീണ്ടും നമ്മെ നയിക്കുവാൻ വിശ്വസ്തൻ തന്നെ. അവനിൽ കൃപയും സമാധാനവും പ്രാപിക്കുവാൻ നമുക്ക് കഴിയും.

> **"മാനവരാശിക്ക് എല്ലാ ദാനങ്ങളും, ഉപാധികളും, ക്രമീകരണങ്ങളും ദൈവേഷ്ടം മനസ്സിലാക്കി ജീവിക്കേണ്ടതിന് ദൈവം നല്കിയിട്ടുണ്ട്."**

നമ്മുടെ സ്വന്ത ഇഷ്ടങ്ങൾക്കും താൽപ്പര്യങ്ങൾക്കും ഉപരിയായി ദൈവഇഷ്ടം അന്വേഷിച്ചാൽ അതിരില്ലാത്ത സമാധാനത്താൽ അവൻ നമ്മെ നിറയ്ക്കും. ദൈവത്തിന്റെ വിശ്വസ്തതയാൽ, മാനവരാശിക്ക് എല്ലാ ദാനങ്ങളും, ഉപാധികളും, ക്രമീകരണങ്ങളും ദൈവേഷ്ടം മനസ്സിലാക്കി ജീവിക്കേണ്ടതിന് ദൈവം നല്കിയിട്ടുണ്ട്. ദൈവഹിതത്തിന് വിരോധമായി നാം പല അബദ്ധങ്ങളിൽ വീഴുമ്പോഴും കരുണാസമ്പന്നനായ കർത്താവിന്റെ മൃദുസ്വരം നമ്മുടെ കാതിൽ കേൾക്കുവാനും കർത്താവിന്റെ ഇഷ്ടമനുസരിച്ച് വളരുവാനും കഴിയും. പിൽക്കാലത്ത് അത് കൂടുതൽ വ്യക്തമായി കേൾക്കുവാൻ സാധിക്കും.

ദൈവം തന്റെ മക്കളെ വഴി നടത്തുന്നവനാണ്. അവൻ നമ്മെ ആത്മീയമായി നേർവഴി കാണിക്കുകയും പിതാവിന് പ്രസാദകരമായ ജീവിതവഴിയിലേക്ക് നടത്തുകയും ചെയ്യുന്നു. പ്രധാനപ്പെട്ട തീരുമാനം കൈക്കൊൾവാൻ നല്ല ഇടയൻ നമ്മെ വഴിനടത്തും. ദൈവവഴി വിട്ടു പോകുകയോ നമ്മുടെ സാഹചര്യത്തനനുസരിച്ച് തീരുമാനമെടുക്കുകയോ ചെയ്യാതെ ഇടയനെ അനുഗമിച്ചുകൊണ്ട് വിശ്വസ്തതയോടെ പിൻതുടർന്നാൽ തീർച്ചയായും നാം അനുഗൃഹീതരാകും.

പലവിധമായ പ്രശ്നസങ്കീർണ്ണമായ സാഹചര്യത്തിലും വൈകാരിക ചിന്തകളുടെ ആകുലതയിലും ദൈവ വചനത്തിലാശ്വസിച്ചുകൊണ്ട് തീരുമാനമെടുത്താൻ അതൊരു സമാധാനം തന്നെയാകും. ദൈവ വചനത്താലും പരിശുദ്ധാത്മാവിനാലും ദൈവീക പരിജ്ഞാനത്താലും സർവ്വശക്തൻ നമ്മെ വഴിനടത്തും. ■

ആത്മീയ അഭിവൃദ്ധിയും ദൈവമക്കളുടെ ആത്മീയ വളർച്ചയും ലക്ഷ്യമാക്കികൊണ്ട്, ദൈവസഭയുടെ ഉപദേശ സത്യങ്ങൾ ത്രൈമാസങ്ങളിൽ പുറത്തിറക്കുന്ന ഒരു പ്രസിദ്ധീകരണമാണ് ഗോസ്പൽ ട്രൂത്ത്. www. thegospeltruth.org എന്ന വെബ്സൈറ്റ് മുഖേനയും ഇ- മെയിൽ വഴിയായും ആനുകാലിക ആത്മീയ സന്ദേശങ്ങൾ ലഭ്യമാണ്. ഗോസ്പൽട്രൂത്ത് മിക്കരാജ്യങ്ങളിലും പ്രദേശിക ഭാഷകളിൽ ഇന്ന് ലഭിക്കുന്നുണ്ട്. അനേകരുടെ സ്വമേധാദാനങ്ങൾ മുഖാന്തരമാണിത് സാധിക്കുന്നത്. മുഖപേജിലുള്ള ചിത്രങ്ങൾ അനുവാദപ്രകാരം കൊടുത്തിട്ടുള്ളതുമാകുന്നു.

എന്ന് എഡിറ്റർ,
മൈക്കിൾ ഡബ്ല്യൂ. സ്മിത്ത്

# പത്രാധിപലേഖനം



*“അവർ പകലും രാവും യാത്ര ചെയ്യുവാൻ തക്കവണ്ണം അവർക്ക് വഴി കാണിക്കേണ്ടതിന് പകൽ മേഘസ്തംഭത്തിലും രാത്രി അഗ്നിസ്തംഭത്തിലും യഹോവ അവർക്ക് മുമ്പായി പൊയ്ക്കൊണ്ടിരുന്നു.”– പുറപ്പാട്. 13: 21*

പഴയനിയമകാലത്ത് യഹോവ തന്റെ ജനത്തിന് പകലിൽ മേഘസ്തംഭത്താലും രാത്രി അഗ്നിസ്തംഭത്താലും വഴികാട്ടിയായിരുന്നതുപോലെ ഇന്നും തന്റെ മക്കൾക്ക് അവൻ വിശ്വസ്തനായ വഴികാട്ടി അത്രെ. സ്വർഗ്ഗത്തിലേക്കുള്ള വഴി നാം സ്വയമായി കണ്ടുപിടിക്കുവാനായി അവൻ നമ്മെ ഭരമേല്പിച്ചിട്ടില്ല. നമ്മെ വഴി നടത്തുവാനും നമ്മോടുകൂടെ ഉണ്ടെന്നും അവൻ വാഗ്ദത്തം ചെയ്തിരിക്കുന്നു.

“എനിക്ക് എങ്ങനെ ദൈവഹിതമറിയാം?” എന്ന വിഷയത്തെക്കുറിച്ച് പ്രതിപാദിക്കുവാനാണ് ഇത്തവണത്തെ നമ്മുടെ പാഠ്യപദ്ധതി തയ്യാറാക്കിയിട്ടുള്ളത്. ചെറുപ്പക്കാർ മാത്രമല്ല, പല പ്രായക്കാരും ഇത്തരം ചോദ്യം ചോദിച്ചു കേൾക്കാറുണ്ട്. ദൈവം തന്റെ വചനത്തിലൂടെ തന്റെ ഹിതത്തെക്കുറിച്ച് വെളിപ്പെടുത്തിയിട്ടുണ്ട്. ചില സന്ദർഭത്തിൽ ദൈവഹിതമറിയുവാൻ നീണ്ട സമയവും അനുഭവവും വേണ്ടിവന്നേക്കാം. എത്ര വർഷങ്ങൾ നാം അവനെ സേവിച്ചു എന്നത് ഒരു വിഷയമേ അല്ല. അവന്റെ കൈയ്യിലെ ഇണങ്ങിയ ഒരു ഉപകരണമായി മാറുക എന്നതാണ് മുഖ്യവിഷയം.

ദൈവത്തിന്റെ തക്കസമയത്തിന് പകരം വക്കാൻ മറ്റൊന്നില്ല. ചില സന്ദർഭങ്ങളിൽ ദൈവഹിതം അറിയുവാൻ ഞാൻ മാസങ്ങൾ കാത്തിരുന്നിട്ടുണ്ട്. എല്ലാവിധ ചിന്താക്കുഴപ്പങ്ങളേയും ദൂരീകരിച്ചുകൊണ്ട് ദൈവശബ്ദം ഞാൻ കേട്ടിട്ടുണ്ട്. “ദൈവശബ്ദത്തിന്റെ മാധുര്യസ്വരം എനിക്കറിയാം” എന്ന് പാട്ടുകാരൻ പാടുന്നതുപോലെ മറ്റെല്ലാ ശബ്ദത്തെക്കാൾ സമാധാനം നൽകുന്ന ദൈവശബ്ദത്തെ ഓർത്തു സ്തുതിക്കുന്നു.

നമ്മുടെ വ്യക്തിപരമായ ജീവിതത്തിൽ ദൈവഹിതം എന്തെന്ന് തിരിച്ചറിയുവാനുള്ള ഒരു ആത്മപരിശോധനയാണ് ഈ പാഠ്യപദ്ധതിയിലൂടെ ഞാൻ ഉദ്ദേശിക്കുന്നത്. ദൈവഹിതമറിയാതെ വിശ്വാസ ജീവിതത്തിലെ പ്രാരംഭ ഘട്ടങ്ങളിൽ ചില അബദ്ധങ്ങൾ സംഭവിച്ചാലും കരുണയുള്ള ദൈവം അതൊന്നും കണക്കിടാതെ നമുക്ക് വ്യക്തമായ കാഴ്ചപ്പാട് നൽകി നമ്മെ ശരിയായ പാതയിൽ നടത്തുന്നു.

ദൈവം തന്റെ മക്കളെ നേർദിശയിൽ തന്നെ വഴിനടത്തും. അവൻ നമ്മെ ആത്മീയമായി നയിച്ചുകൊണ്ട് ദൈവത്തിന് പ്രസാദകരമായ വഴിയിലൂടെ കൊണ്ടുപോകുന്നു. ജീവിതത്തിലെ മുഖ്യമായ തീരുമാനങ്ങൾ എടുക്കുമ്പോൾ നല്ല ഇടയൻ നമ്മെ നല്ല വഴിയിൽ നടത്തും. ഇടയന് മുമ്പായി പോകുകയോ നമ്മുടെ സ്വന്തജ്ഞാനത്തിൽ ആശ്രയിക്കുകയോ ചെയ്യാതെ വിശ്വസ്തതയോടെ നമ്മുടെ നല്ല ഇടയനെ അനുഗമിക്കാം.

പ്രതിസന്ധി ഘട്ടങ്ങളിൽ അധൈര്യപ്പെടാതെ അവനിൽ ആശ്വാസം കണ്ടെത്തുകയാണ് ഏകപോംവഴി. ചില മുന്നറിയിപ്പുകൾ അവൻ നൽകിയിട്ടുള്ളത് ശ്രദ്ധിക്കുക. എന്റെ വ്യക്തിപരമായ ജീവിതത്തിൽ അനുഭവമായിട്ടുള്ള നിരവധി സാക്ഷ്യങ്ങൾ എനിക്ക് പറയാൻ കഴിയും. പ്രസ്തുത അനുഭവങ്ങളെ അടിസ്ഥാനപ്പെടുത്തി എനിക്ക്  പറയാൻ കഴിയും. അവനിൽ ആശ്രയം വെക്കുക.

ദൈവഹിതം അറിയുവാൻ ദൈനംദിന ജീവിതത്തിൽ അവനുമായിട്ടുള്ള ബന്ധം സുഗമമാക്കുക എന്നതാണ്. ക്രിസ്ത്യാനികളായ എല്ലാവർക്കും വിവാഹം, സാമ്പത്തികം, മാതൃകയുള്ള മാതാപിതാക്കളാകുന്ന വിഷയത്തിൽ, ആരാധന തുടങ്ങിയ എല്ലാ പ്രധാനപ്പെട്ട വിഷയങ്ങളിൽ ദൈവഹിതം അനിവാര്യമായ ഘടകം തന്നെ. വാഗ്ദത്തങ്ങളിൽ വിശ്വസ്തനായ നമ്മുടെ ദൈവം നമ്മെ നയിക്കുവാൻ ശക്തൻ തന്നെ. എന്നാൽ നാം അവനെ അന്വേഷിക്കുക, ആശ്രയിക്കുക, കാത്തിരിക്കുക.

**മൈക്കിൾ ഡബ്ല്യു.സ്മിത്ത്.**

**ഇന്റർനെറ്റിൽ**

**www.thegospeltruth.org**

**കൂടുതൽ**

**വായിക്കാം.**

പൂർണ്ണ ഹൃദയത്തോടെ യഹോവയിൽ
*ആശ്രയിക്കുക*
സ്വന്ത വിവേകത്തിൽ ഊന്നരുത്. നിന്റെ എല്ലാ വഴികളിലും
അവനെ നിനെച്ചുകൊൾക. അവൻ നിന്റെ
*പാതകളെ* **നേരെയാക്കും.** സദൃശ്യ. 3: 5, 6



# ബൈബിൾ പഠന സഹായി

## വിഷയം : ദൈവ ഇഷ്ടം അറിയുന്നതെങ്ങനെ?

**വായനാഭാഗം:** ബുദ്ധിഹീനർ ആകാതെ കർത്താവിന്റെ ഇഷ്ടം ഇന്നതെന്ന് ഗ്രഹിച്ചുകൊൾവീൻ. എഫെസ്യർ. 5:17

**രത്നച്ചുരുക്കം:** നമ്മുടെ വ്യക്തിപരമായ ജീവിതത്തിൽ ദൈവഹിതം എന്തെന്ന് തിരിച്ചറിയുവാനുള്ള ഉപാധികളും മാർഗ്ഗങ്ങളും ദൈവം തന്നെ നൽകിയിട്ടുണ്ട്.

### I. ദൈവഹിതം അന്വേഷിക്കുന്നതിന്റെ പ്രാധാന്യത

A. യിരെമ്യ. 10:23 മനുഷ്യന് തന്റെ കാലടികളെ നേരെയാക്കാൻ കഴിയില്ല.
B. സദൃശ്യ. 16: 25 മനുഷ്യവഴികൾ മരണവഴികൾ

### II നിങ്ങൾക്ക് ദൈവത്തിന്റെ വഴികളറിയാം.

A സദൃശ്യ. 3:6 ദൈവം നിന്റെ വഴികളെ നേരെയാക്കും.
B എഫെ. 1:8,9 ക്രിസ്തു തന്റെ ഹിതം വെളിപ്പെടുത്തി.
C കൊലൊ. 1:9 ദൈവഹിതത്തെക്കുറിച്ചുള്ള അറിവ്

### III എല്ലാവരേയും കുറിച്ചുള്ള ദൈവത്തിന്റെ പൊതുവായ ഇഷ്ടം

A 2 പത്രൊസ്. 3:9 എല്ലാവരും മാനസാന്തപ്പെടണം.
B റോമർ. 12: 1-2 ദൈവഹിതം വെളിപ്പെടുന്നു.
C 1 പത്രൊസ് 1: 15, 16. എല്ലാ വഴികളിലും വിശുദ്ധം
D 1 പത്രൊ. 2: 21-23 ക്രിസ്തുവിന്റെ പാത പിന്തുടരുക
E 1 തെസ്സ 4:3 വിശുദ്ധീകരണം
F 1 തെസ്സ 5:16-18 സന്തോഷിക്കുക, പ്രാർത്ഥിക്കുക, നന്ദി കരേറ്റുക.

### IV ദൈവം തന്റെ ഇഷ്ടം എങ്ങനെ വെളിപ്പെടുത്തുന്നു?

A ദൈവവചനം
1. സങ്കീ. 119:105. പാതക്ക് ഒരു പ്രകാശം
2. 2 തിമൊ. 3: 15-17 വചനത്തിൽ നിലനിൽക്ക

B പരിശുദ്ധാത്മാവ്
1 യോഹ. 16: 13 സകല സത്യത്തിലും വഴിനടത്തും.
2 റോമർ 8:14 ആത്മാവിനാൽ നയിക്കപ്പെട്ടു
3 യെശ.30:21 നിന്റെ ചെവിയിൽ ഒരു ശബ്ദം കേൾക്കും.

C ദൈവശബ്ദം
1. മത്താ.17:5 ദൈവംമേഘത്തിൽ നിന്നും സംസാരിച്ചു.
2. അപ്പൊ. 8:26 ദൈവദൂതൻ ഫിലിപ്പോസിനോടു സംസാരിച്ചു.

D മാനുഷീക ഉപാധികൾ
1. എഫെസ്യ. 4:11 -13 ശുശ്രൂഷയിൽ
2. എബ്രാ. 13:17 ദൈവീക ശുശ്രൂഷയിൽ സമർപ്പിച്ചു.
3. സദൃശ 11: 14 പരിപാലനത്തിന്റെ പ്രാധാന്യത

E ദൈവദാനം
1. റോമർ 8: 28 എല്ലാം നന്മയ്ക്കായി കൂടി വ്യാപരിക്കും.
2. അപ്പൊ. 16: 6-7 പൗലോസിനെ വിലക്കി

F തുമഞ്ഞ്
1. ന്യായാ6:36-40 ഗിദെയോൻ ഒരു പരീക്ഷണം നടത്തി
2. മത്താ.12:38-40 അടയാളംഅന്വേഷിച്ചതിനുള്ള ശാസന

G ദർശനങ്ങളും സ്വപ്നങ്ങളും
1. അപ്പൊ. 2:17 ദർശനങ്ങളും സ്വപ്നങ്ങളും ദാനം ചെയ്യുന്ന ആത്മാവ്
2. മത്തായി. 2: 13 ഒരു ദൂതൻ യോസേഫിന് മുന്നറിയിപ്പ് കൊടുത്തു.
3. അപ്പൊ. 10: 9, 10, 19 - 20. പത്രൊസിന്റെ ദർശനം പരിശുദ്ധ ആത്മാവിനാൽ ഉറപ്പാക്കി.

### V ദൈവഹിതം അന്വേഷിക്കുന്നതെങ്ങനെ?

A വാഞ്ചയോട് കൂടെ അന്വേഷിക്കുക.
1. മത്തായി. 6: 33 മുമ്പെ അവന്റെ രാജ്യം.
2. സങ്കീ.143:10 നിന്റെ ഇഷ്ടം ചെയ്യാൻ എന്നെ പഠിപ്പിക്കുക.
3. സങ്കീ. 25:4,5,9 നിന്റെ സത്യത്തിലേക്ക് നയിച്ചാലും
4. സദൃശ്യ. 3:5-7 ദൈവത്തെ അറിയുക.

B വിശ്വാസത്തോടുകൂടി പ്രാർത്ഥിക്കുക.
1. യാക്കോബ്. 1:5-6 ജ്ഞാനത്തിനായി പ്രാർത്ഥിക്കുക.

C ദൈവത്തോടു അടുത്തുവരിക
1. ഹോശയാ 6:3 നാം അറിയും
2. യാക്കോബ് 4:8 ദൈവത്തോടു അടുക്കുക

D ശ്രദ്ധിക്കുക
1 സങ്കീ. 46:10 മിണ്ടാതിരിക്കുക
2 യാക്കോബ് 1:19 കേൾക്കാൻ വേഗത

E ക്ഷമയോടെ കാത്തിരിക്കുക
1. സങ്കീ. 27:14 ദൈവത്തിനായി കാത്തിരിക്കുക

F ദൈവഹിതത്തിനായി സമർപ്പിക്കുക
1. മത്തായി. 23: 37 നിങ്ങൾക്കോ മനസ്സായില്ല
2. ലൂക്കോസ് 22: 42 എന്റെ ഹിതമല്ല

### VI അനുസരണം

1. എഫെസ്യ. 6: 6-7 ഹൃദയപൂർവ്വം
2. യെശയ്യ. 1: 19 അനുസരണവും പൂർണ്ണഹൃദയവും

**ഉപസംഹാരം**

ലോകവും അതിന്റെ മോഹവും ഒഴിഞ്ഞുപോകുന്നു.
ദൈവ ഇഷ്ടം ചെയ്യുന്നവനോ എന്നേക്കും നിലനിൽക്കുന്നു.
- 1 യോഹ. 2:17

# ദൈവ ഇഷ്ടം അറിയുന്നത് എങ്ങനെ




**തന്റെ മക്കളുമായി ആശയവിനിമയം നടത്തുക എന്നത് ദൈവത്തിന്റെ ആഗ്രഹവും ഉദ്ദേശവും ആണ്. നമ്മെ നയിക്കാം എന്ന് ദൈവം വാഗ്ദാനം ചെയ്തിട്ടുള്ളതിനാൽ വ്യക്തിപരമായി നമ്മുടെ ജീവിതത്തിനുള്ള ദൈവഹിതം അറിയുവാൻ ആത്മാവിന്റെ വരങ്ങളാലും കൃപകളാലും സാധ്യമാണ്. നാം ബുദ്ധിഹീനർ ആകാതെ കർത്താവിന്റെ ഇഷ്ടം എന്താണ് എന്ന് മനസ്സിലാക്കേണ്ടത് ആത്മീക ജീവിതത്തിന് അത്യന്താപേക്ഷികമാണ്**

"വ്യക്തിപരമായ ദൈവഹിതവും ആലോചനയും അന്വേഷിക്കുന്ന ഒരുവൻ ദൈവത്തിന്റെ പൊതുവായ ഇഷ്ടം അറിഞ്ഞിരിക്കണം"

## ദൈവത്തിന് തന്റെ ഇഷ്ടം വെളിപ്പെടുത്തേണ്ടിയിരിക്കുന്നു

### നേതൃത്വ വാഗ്ദാനം

ഈ തലമുറയിൽ ദൈവത്തിൻന്റെ വ്യവസ്ഥകൾ പാലിക്കുന്ന എല്ലാവർക്കും അവിടുത്തെ വാഗ്ദാനങ്ങൾ ഉറപ്പുള്ളതും ബാധകവുമാണ് "നിന്റെ എല്ലാ വഴികളിലും അവനെ നിനക്ക് കൊള്ളുക അവൻ നിന്റെ പാതകളെ നേരെയാക്കും" എന്ന് സദൃശ്യവാക്യങ്ങൾ 3:6 ൽ പറയുന്നു. ഒരു ദൈവപൈതൽ ദൈവത്തെ അംഗീകരിക്കുകയും ദൈവത്തിൽ പ്രവർത്തിക്കുവാനുള്ള അവകാശവും ഇടവും നൽകുകയും ചെയ്താൽ അവിടുന്ന് തന്റെ ഹിതവും പദ്ധതിയും നമ്മെ അറിയിക്കും. ക്രിസ്തു താൻ മുൻ നിർണ്ണയിച്ച തന്റെ പ്രസാദത്തിന് ഒത്തവണ്ണം തന്റെ ഹിതത്തിന്റെ മർമ്മം നമ്മോട് അറിയിച്ചതുപോലെ (എഫേസ്യർ 1:9) ജീവിതത്തിന്റെ നിഗൂഢതകൾക്കും ചോദ്യങ്ങൾക്കും അവിടുന്ന് ഉത്തരം നല്കും. ലോകം ക്രിസ്ത്യാനികളെ പരിഹസിക്കുകയും ആക്ഷേപിക്കുകയും ചെയ്യുമ്പോൾ ദൈവത്തിന്റെ വിശുദ്ധന്മാർക്ക് പൂർണ്ണപ്രസാദത്തിനായി കർത്താവിനു യോഗ്യമാംവണ്ണം നടന്നു ആത്മീകമായി സകല ജ്ഞാനത്തിലും വിവേകത്തിലും അവന്റെ ഇഷ്ടത്തിന്റെ പരിജ്ഞാനം കൊണ്ട് നിറഞ്ഞു വരുവാൻ കഴിയും. (കൊലോസ്യർ 1:10) ജീവിതത്തിന്റെ പ്രശ്നങ്ങളിലും അവ്യക്തതകളിലും ദൈവം തന്റെ അറിവിലും അനന്തമായ ജ്ഞാനത്താലും നമ്മുടെ വ്യക്തിപരമായ ശേഷിക്ക് അനുസരിച്ച് തന്റെ ഹിതപ്രകാരം നയിക്കുന്നു എന്നത് എത്ര സുഖദായകമാണ്. ഈ ലോകത്തിന്റെ ജ്ഞാനത്തിലും, അവ്യക്തമായ ആഗ്രഹങ്ങളിലും വികാരങ്ങളിലും ആശ്രയിക്കുന്നതിനെക്കാൾ ജീവിതത്തിലെ പ്രധാന തീരുമാനങ്ങൾ ദൈവത്തിൽ അർപ്പിക്കുക.

### ദൈവത്തിന്റെ പൊതുവായ ഇഷ്ടം

ഓരോ വ്യക്തിയുടെയും ആഗ്രഹവും പദ്ധതിയുമായി ഇണക്കിച്ചേർത്ത് ദൈവത്തിന് ഒരു പൊതുവായ പദ്ധതിയും ഇഷ്ടവും ഉണ്ട്. വ്യക്തികളെക്കുറിച്ചുള്ള ദൈവത്തിന്റെ പദ്ധതി ഒരിക്കലും തിരുവചനത്തിൽ വിവരിച്ചിരിക്കുന്ന പദ്ധതികൾക്കും വിപരീതമാകുകയോ അസാധു ആക്കുകയോ ചെയ്യുന്നില്ല. ആയതിനാൽ വ്യക്തിപരമായി ദൈവഹിതവും ആലോചനയും അന്വേഷിക്കുന്ന ഒരുവൻ ദൈവത്തിന്റെ പൊതുവായ ഇഷ്ടം അറിഞ്ഞിരിക്കണം. കർത്താവ് തന്റെ വാഗ്ദത്തം നിവർത്തിപ്പാൻ താമസിക്കുന്നില്ല, ആരും നശിച്ചു പോകാതെ എല്ലാവരും മനസാന്തരപ്പെടുവാൻ അവൻ ഇച്ഛിക്കുന്നു" (2 പത്രോസ് 3:9). ഓരോ ആത്മാവും പാപത്തിൽ നിന്ന് രക്ഷിക്കപ്പെടണം എന്ന് ദൈവം ആഗ്രഹിക്കുന്നതുപോലെ "ഈ ലോകത്തിന് അനുരൂപമാകാതെ നന്മയും പ്രസാദവും പൂർണതയും ഉള്ള ദൈവഹിതം ഇന്നതെന്നു തിരിച്ചറിയേണ്ടതിന് മനസ്സുപുതുക്കി രൂപാന്തരപ്പെടണം" (റോമർ 12:1–2). തങ്ങളുടെ ജീവിതത്തിൽ ദൈവഹിതത്തിനും നടത്തിപ്പിനും വേണ്ടി പ്രാർത്ഥിക്കുന്നവർ ആദ്യം ദൈവത്തിന്റെ പൊതുവായ ഹിതത്തിനു വഴങ്ങുന്നില്ലെങ്കിൽ അവരുടെ പ്രാർത്ഥന വ്യർത്ഥമാണ്. വിശുദ്ധ ഗ്രന്ഥത്തിൽ വ്യക്തമായി വെളിപ്പെടുത്തിയിരിക്കുന്ന ദൈവേഷ്ടത്തിനു വഴങ്ങുവാൻ ഒരുവൻ ആദ്യം തയ്യാറായില്ലെങ്കിൽ പലപ്പോഴും സമ്മർദ്ദവും ബുദ്ധിമുട്ടും കൊണ്ടുവരുന്ന ചോദ്യങ്ങൾക്കു ഉത്തരം നൽകുവാൻ ദൈവം ബാദ്ധ്യസ്ഥനല്ല.

"നിങ്ങളെ വിളിച്ച വിശുദ്ധനും ഒത്തവണ്ണം അനുസരണമുള്ള മക്കളായി എല്ലാം നടപ്പിലും വിശുദ്ധരാകുവിൻ" (1 പത്രോസ് 1:15) എന്നത് ദൈവത്തിന്റെ പൊതുവായ ഇഷ്ടമാണ്. അവരെ ലോകത്തോട് അടുപ്പിക്കുന്നതും ദൈവത്തിൽ നിന്നും കൂടുതൽ അകറ്റുന്നതുമായ ഒരു പ്രശ്നത്തിന്റെ മാർഗ്ഗനിർദ്ദേശത്തെക്കുറിച്ച് ആരും പ്രാർത്ഥിക്കേണ്ടതില്ല. കാരണം അത് അവന്റെ ഇഷ്ടം അല്ല. പാപമില്ലായ്മ, വിശുദ്ധി, ക്ഷമ, സ്നേഹം മുതലായ അവിടുത്തെ പുത്രൻ യേശുക്രിസ്തുവിന്റെ മാതൃക നാം പിന്തുടരണം (1 പത്രോസ് 2: 21–23) എന്നുള്ളതും ദൈവത്തിന്റെ പ്രകടമായ ആഗ്രഹം ആണ്.1 തെസ്സലോനിക്യർ 4:3 ൽ "ദൈവത്തിന്റെ ഇഷ്ടമോ നിങ്ങളുടെ ശുദ്ധീകരണം തന്നെ" എന്നാണ് ദൈവഹിതം എഴുതപ്പെട്ടിരിക്കുന്നതു (അതു യജമാനന്റെ ഉപയോഗത്തിനു വേണ്ടി മാത്രം വേർതിരിക്കുക എന്ന അർത്ഥമാണ്) "എപ്പോഴും സന്തോഷിക്കുവിൻ, ഇടവിടാതെ പ്രാർത്ഥിക്കുവിൻ, എല്ലാറ്റിനും സ്തോത്രം ചെയ്യുവിൻ ഇതല്ലോ നിങ്ങളെക്കുറിച്ച് ക്രിസ്തു യേശുവിൽ ദൈവേഷ്ടം" (1 തെസ്സ. 5:16–18)

# ദൈവഹിതം മനസ്സിലാക്കുവാനുള്ള ഉപാധികൾ

***നമ്മുടെ ജീവിതത്തിലെ പൊതുവായതും വിശേഷാൽ പ്രത്യേകവുമായ ചോദ്യങ്ങൾക്കുള്ള ദൈവഹിതം മനസ്സിലാക്കുവാൻ ദൈവം ധാരാളം ദാനങ്ങളും ഉപാധികളും നൽകിയിട്ടുണ്ട്. ഭൂമിയിൽ ദൈവം രണ്ട് സാക്ഷികളെ ദൈവഹിതം അറിയിക്കുവാനും സാക്ഷിക്കുവാനുമായി നൽകിയിരിക്കുന്നു. – ദൈവവചനവും പരിശുദ്ധാത്മാവും***



## 1. ദൈവവചനം

സങ്കീർത്തനങ്ങൾ 119:105 പ്രസ്താവിക്കുന്നതു “നിന്റെ വചനം എന്റെ കാലിനു ദീപവും എന്റെ പാതയ്ക്ക് പ്രകാശവും ആകുന്നു” എന്നാണ്. വിശുദ്ധ ജീവിതത്തിനുള്ള ഒരു മാർഗ്ഗരേഖയാണ് ബൈബിൾ. അത് ആത്മീയ കാര്യങ്ങൾ മാത്രമല്ല, ജനങ്ങൾക്കുള്ള അനേകം വ്യക്തിപരമായ ചോദ്യങ്ങൾക്കും, വിവാഹം, കുട്ടികളുടെ സംരക്ഷണം, സാമ്പത്തികം മുതലായ അനേകം കാര്യങ്ങൾക്കും ഉത്തരം നൽകുന്നു. ദൈവഹിതം മനസ്സിലാക്കുവാൻ ദൈവവചനം ഒഴിച്ചുകൂടാൻ കഴിയാത്ത ഒരു വിഭവമാണ്, പക്ഷേ തുറന്ന ഹൃദയത്തോടും മനസ്സോടും കൂടെ ദൈവവചനം പഠിക്കുവാനുള്ള ശ്രമം അതിനു ആവശ്യമാണ്. ദൈവവചനം ഉപദേശത്തിനും ശാസനത്തിനും ഗുണീകരണത്തിനും നീതിയിലെ അഭ്യാസത്തിനും പ്രയോജനമുള്ളതാകുന്നു. (2 തിമെഥെയൊസ് 3:15–17). അന്വേഷിക്കുന്നവർക്ക് അവരുടെ പ്രശ്നങ്ങൾക്കു നേരിട്ട് ഉത്തരം നൽകുവാൻ തിരുവചനത്തിൽകൂടി ദൈവത്തിനു കഴിയും. തിരുവചനം തെറ്റായി വ്യാഖ്യാനിച്ചാൽ അത് അനുവർത്തിക്കുന്ന രീതി ശരിയല്ലെങ്കിൽ പിഴവ് സംഭവിക്കും. എവിടെയെങ്കിലും പോകുവാൻ ആഗ്രഹിക്കുന്നവർ “പുറപ്പെടുക”എന്നു പറയുന്ന വചനം അവർ കാണും. പക്ഷേ “വീട്ടിൽ ഇരിക്കുവാൻ” പറയുന്ന വചനവും അവർക്ക് കാണുവാൻ കഴിയും.  പല മതഭ്രാന്തന്മാരും തിരുവചനം ദൈവഹിതത്തിനു വിപരീതമായി വളച്ചൊടിക്കുന്നു. എന്നിരുന്നാലും ദൈവം തന്റെ ആത്മാവിനാൽ സത്യസന്ധമായ ആത്മാക്കൾക്ക് മാർഗ്ഗനിർദ്ദേശത്തിനുള്ള പ്രചോദനം നൽകും

> **“ദൈവം വചനത്തിലൂടെയോ ആത്മാവിലോ സംസാരിക്കുമ്പോൾ മനുഷ്യന്റെ ആത്മാവിൽ തീവ്രമായ ഒരു പ്രകാശവും ശബ്ദവും ലഭിച്ചാൽ അതു ദൈവമാകുന്നു എന്നതിന് സംശയമില്ല.”**

## 2. പരിശുദ്ധാത്മാവ്

ദൈവം തന്റെ മക്കൾക്ക് പരിശുദ്ധാത്മാവിന്റെ അത്ഭുതകരമായ ദാനം നൽകിയിരിക്കുന്നു. സത്യത്തിന്റെ ആത്മാവ് വരുമ്പോഴോ അവൻ നിങ്ങളെ സകല സത്യത്തിലും വഴി നടത്തും (യോഹന്നാൻ 16:13), ദൈവാത്മാവ് നടത്തുന്നവൻ ഏവനും ദൈവത്തിന്റെ മക്കൾ ആകുന്നു. (റോമൻ 8:14) പരിശുദ്ധാത്മാവ് എങ്ങനെയാണ് വഴി നടത്തുന്നത്, നിയന്ത്രിക്കുന്നത്, സ്വാധീനിക്കുന്നത് എന്നൊക്കെ മനസ്സിലാക്കുവാൻ സമയമെടുക്കും. ദൈവത്തെ അന്വേഷിക്കുമ്പോൾ “നിങ്ങൾ ഇടത്തോട്ട് വലത്തോട്ട് തിരിയുമ്പോൾ വഴി ഇതാകുന്നു ഇതിൽ നടന്നു കൊള്ളുക എന്നൊരു വാക്കു പുറകിൽ നിന്നും കേൾക്കുന്നത്” എത്ര മനോഹരമായ അനുഭവമാണ് (യെശയ്യാവ് 30:21) പരിശുദ്ധാത്മാവ് നയിക്കുമ്പോൾ അത് ആത്മാവിന്റെ ഉള്ളിൽ ആഴത്തിൽ നിന്നുള്ളതും മനസ്സിൽ വന്നുപോകുന്ന ചിന്തകളിൽ നിന്ന് വ്യത്യസ്തവും ആയിരിക്കും. ആത്മ ഭാരത്തിലൂടെയും പ്രചോദനത്തിലൂടെയും നടത്തുമ്പോൾ അതു പരിശുദ്ധാത്മാവ് ആയിരിക്കും. പരിശുദ്ധാത്മാവിന്റെ നടത്തിപ്പ് വ്യക്തവും വ്യത്യസ്തവും ആയിരിക്കും. ദൈവത്തിന്റെ വചനത്തിനു വിപരീതമായി പരിശുദ്ധാത്മാവ് ഒരിക്കലും സംസാരിക്കുകയില്ല. അവ രണ്ടും യോജിച്ചുപോകും. ദൈവഹിതം തിരിച്ചറിയുവാനുള്ള ഒരു ‘ലിറ്റ്മസ്’ പരീക്ഷണം ആണ് ദൈവവചനവും പരിശുദ്ധാത്മാവു ഒരേപോലെ പോകുന്നുണ്ടോ എന്ന് പരിശോധിക്കുന്നത്.

## 3. ദൈവശബ്ദം

ചില സന്ദർഭങ്ങളിൽ വ്യക്തമായി കേൾക്കാവുന്ന വിധത്തിലും ദൈവം സംസാരിക്കുന്നു. ശിഷ്യന്മാരോട് മറുരൂപ മലയിൽ മേഘത്തിൽനിന്ന്  “ഇവൻ എന്റെ പ്രിയപുത്രൻ, ഇവങ്കൽ ഞാൻ പ്രസാദിച്ചിരിക്കുന്നു; ഇവന് ചെവി കൊടുപ്പിൻ” എന്ന് (മത്തായി 17:5) “നീ എഴുന്നേറ്റ് തെക്കോട്ടു യെരുശലേമിൽ നിന്നു ഗസ്സക്കുള്ള നിർജ്ജനമായ വഴിയിലേക്ക് പോകുക” എന്ന് ഫിലിപ്പോസിനോടും (അപ്പോ. പ്രവർത്തികൾ 8:26) സംസാരിച്ചു. ദൈവം സംസാരിക്കുമ്പോൾ കേൾക്കാവുന്ന രീതിയിൽ സംസാരിച്ചാൽ അത് എളുപ്പമാണ് എന്ന് തോന്നുമെങ്കിലും, ദൈവം വചനത്തിലൂടെ ആത്മാവിനാലോ സംസാരിക്കുമ്പോൾ മനുഷ്യന്റെ ആത്മാവിൽ തീവ്രമായ ഒരു പ്രകാശവും ശബ്ദവും ലഭിച്ചാൽ അതു ദൈവമാകുന്നു എന്നതിന്  സംശയമില്ല.

## 4. മനുഷ്യനെ ഉപയോഗപ്പെടുത്തൽ

ദൈവത്തെ അന്വേഷിക്കുന്നവർക്ക് തന്റെ വചനത്തെയും ആത്മാവിനെയും സാക്ഷ്യപ്പെടുത്തുവാൻ ദൈവം പലപ്പോഴും മനുഷ്യരെയും ഉപയോഗിക്കുന്നു. ലോകത്തിൽ നിരവധി ശബ്ദങ്ങൾ ഉള്ളപ്പോൾ യഥാർത്ഥ ശുശ്രൂഷകനും കർത്താവിന്റെ നാമത്തിലുള്ള ഉപദേഷ്ടാവും പ്രാഥമികമായ “രണ്ട് സാക്ഷികൾ” യോജിക്കുന്നതു മാത്രം സംസാരിക്കും. വിശുദ്ധന്മാരുടെ യഥാസ്ഥാനത്തിനായുള്ള ശുശ്രൂഷയുടെ വേലയ്ക്കും ക്രിസ്തുവിന്റെ ശരീരത്തിന്റെ ആത്മീക വർദ്ധനയ്ക്കും ദൈവം ശുശ്രൂഷകൾ നൽകി. (എഫെസ്യർ 4:11–13) ദൈവത്തിന്റെ മാർഗ്ഗനിർദ്ദേശത്തിനായുള്ള ചോദ്യങ്ങൾ ഉയരുമ്പോൾ ദൈവം തന്റെ ശുശ്രൂഷക മാരെ


ഉപയോഗിക്കുന്നു. “പരിപാലനം ഇല്ലാത്തിടത്തു ജനം അധോഗതി പ്രാപിക്കുന്നു.” (സദൃശ്യവാക്യങ്ങൾ 11:14) ജീവിതത്തെ മാറ്റിമറിക്കുന്ന തീരുമാനങ്ങളിൽ പ്രത്യേകിച്ച് ആത്മീക കാര്യങ്ങളിൽ ദൈവീക ഉപദേശം തേടുന്നത് വിലപ്പെട്ട കാര്യമാണ്

### 5. കരുതൽ

ദൈവം തന്റെ ഇഷ്ടം വെളിപ്പെടുത്തുന്ന മറ്റൊരു മാർഗ്ഗമാണ് ദൈവത്തിന്റെ കരുതൽ. സ്വാഭാവികമായി തുറക്കുകയും അടയുകയും ചെയ്യുന്ന വാതിലുകൾ (വഴികൾ) ഇവിടെ ബാധകമാണ്. രണ്ട് അവസരങ്ങൾക്കിടയിലുള്ള മാർഗ്ഗനിർദ്ദേശത്തിനായി ആരെങ്കിലും കർത്താവിനെ അന്വേഷിക്കുമ്പോൾ ഒരു അവസരം അവസാനിച്ചാൽ അതു ദൈവീക കരുതൽ ആകുന്നു. “എന്നാൽ ദൈവത്തെ സ്നേഹിക്കുന്നവർക്കു നിർണ്ണയകപ്രകാരം വിളിക്കപ്പെട്ടവർക്ക് തന്നെ എല്ലാം നന്മയ്ക്കായി കൂടി വ്യാപരിക്കുന്നു എന്നു നാം അറിയുന്നു” (റോമർ 8:28). ദൈവം തന്റെ കരുതൽ മാത്രമായി ഉപയോഗിക്കുന്നില്ലെങ്കിലും തന്റെ മക്കളുടെ ജീവിതത്തിൽ തന്റെ ഇഷ്ടം ഏറ്റവും നന്നായി നിറവേറ്റുന്ന സാഹചര്യങ്ങൾ ദൈവം നയിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നു എന്ന് ദൈവമക്കൾക്ക് വിശ്വസിക്കാൻ കഴിയണം. സാഹചര്യങ്ങൾ പദ്ധതികളെ തടസ്സപ്പെടുത്തുവാൻ കഴിഞ്ഞേക്കാം, എന്നാൽ മറികടക്കേണ്ട ബുദ്ധിമുട്ടുകളും മറ്റൊരു ദിശയിലേക്ക് നമ്മെ നയിക്കുവാനുള്ള പ്രതിസന്ധികളും തമ്മിലുള്ള വ്യത്യാസം പഠിക്കേണ്ടതു പ്രധാനമാണ്.

### 6. അടയാളങ്ങൾ/ കമ്പിളി

പഴയ നിയമത്തിൽ ദൈവത്തിന്റെ മനസ്സ് നിർണ്ണയിക്കുവാൻ ഗിദെയോൻ കർത്താവിന്റെ മുമ്പിൽ ഒരു കമ്പിളി വെച്ചു (ന്യായാധിപന്മാർ 6:36–40). ദൈവം ചില സമയങ്ങളിൽ കമ്പിളി ബഹുമാനിച്ചിട്ടുണ്ടെങ്കിലും വിശ്വസിക്കാൻ ഒരു അടയാളം അന്വേഷിച്ചതിന് യഹൂദന്മാരെ ശാസിച്ചിട്ടുമുണ്ട്. (മത്തായി 12:38–40) ഒരു അടയാളം വരാതിരിക്കുന്നതു അത് ദൈവഹിതത്തിന്റെ സൂചന ആകണമെന്നില്ല. കമ്പിളികൾ വളരെ അപൂർവ്വമായും ശ്രദ്ധയോടും പരിശുദ്ധാത്മാവിന്റെ പ്രേരണയാലും മാത്രമേ ഉപയോഗിക്കാവൂ. ദൈവം തന്റെ ഇഷ്ടം വെളിപ്പെടുത്തുന്ന രീതിയെക്കുറിച്ച് പറയേണ്ടത് നാം അല്ല.



### 7. ദർശനങ്ങളും സ്വപ്നങ്ങളും

അതുപോലെ ദർശനങ്ങളും സ്വപ്നങ്ങളും ദുരുപയോഗം ചെയ്യാതെ നാം ശ്രദ്ധയോടെ ആയിരിക്കേണ്ടതാണ്. “നിങ്ങളുടെ യൗവനക്കാർ ദർശനങ്ങൾ ദർശിക്കും. നിങ്ങളുടെ വൃദ്ധന്മാർ സ്വപ്നങ്ങൾ കാണും എന്ന് പരിശുദ്ധാത്മാവ് പകർന്നപ്പോൾ അപ്പൊ പ്രവർത്തികൾ 2:17ൽ പറഞ്ഞിരിക്കുന്നു. മത്തായി 2:13ൽ ശിശുവുമായി മിസ്രയിമിലേക്ക് ഓടിപ്പോകുവാൻ യോസേഫിന് നിർദ്ദേശം ലഭിച്ചു. വിജാതിയരെ സ്വീകരിക്കുന്നതിനെക്കുറിച്ച് ഉള്ള ഒരു പാഠം പത്രോസിനെ പഠിപ്പിക്കുവാൻ മൃഗങ്ങളെ അറുത്തു തിന്നുന്ന ഒരു ദർശനം (അപ്പൊ.പ്രവ. 10:9–10) കാണിച്ചു. പത്രോസ് ഈ ദർശനത്തെക്കുറിച്ച് ചിന്തിച്ചു കൊണ്ടിരിക്കുമ്പോൾ ആത്മാവ് അവനോട് “നീ എഴുന്നേറ്റ് ഇറങ്ങിച്ചെല്ലുക, ഒന്നും സംശയി ക്കാതെ അവരോട് കൂടെ പോകുക (19–20) എന്നു പറയുന്നത് ശ്രദ്ധേയമാണ്. ദൈവം സ്വപ്നങ്ങളിലൂടെയും ദർശനങ്ങളിലൂടെയും സംസാരിക്കുമ്പോൾ എപ്പോഴും മറ്റേ സാക്ഷിക്ക് പരിശുദ്ധാത്മാവ്/വചനം അനുസരണമായി ആയിരിക്കും. അർത്ഥം എപ്പോഴും വ്യക്തവും ആയിരിക്കും. അവ്യക്തമോ സാധാരണ സ്വപ്നംപോലെ കലങ്ങി മറിഞ്ഞതോ ആയിരിക്കുകയില്ല. എല്ലാ സ്വപ്നങ്ങളും വ്യാഖ്യാനിക്കുവാൻ ശ്രമിക്കുമ്പോൾ വളരെ ശ്രദ്ധിക്കുക.

## ദൈവത്തിന്റെ ഇഷ്ടം എങ്ങനെ അന്വേഷിക്കാം

***തന്റെ ഹിതവും ആഗ്രഹവും തന്റെ മക്കളെ അറിയിച്ച് അവരെ നയിക്കാം എന്നതു ദൈവത്തിന്റെ ലക്ഷ്യമാണ്. ജീവിതത്തിന്റെ എല്ലാ മേഖലകളിലും അവിടുത്തെ ഇഷ്ടം ഒരു മർമ്മം ആയിരിക്കുകയില്ല. എന്നിരുന്നാലും നമ്മുടെ ചോദ്യങ്ങൾക്കുള്ള ഉത്തരം ദൈവം ആകാശത്തിലെ ഒരു കൊടും മുഴക്കം എന്നതുപോലെ നൽകുന്നില്ല. ദൈവം നമുക്ക് നൽകിയിരിക്കുന്ന അനുഗ്രഹങ്ങളും വിഭവങ്ങളും സാക്ഷികളെയും പ്രയോജനപ്പെടുത്തി ദൈവഹിതം ആരായേണ്ട സ്വീകാര്യമായ ഒരു രീതി ഉണ്ട്.***

### 1. ആഗ്രഹവും സന്നദ്ധതയും

കർത്താവിനെ പ്രസാദിപ്പിക്കുവാനുള്ള ഏറ്റവും വലിയ ആഗ്രഹത്തോടെ ദൈവഹിതം അന്വേഷിക്കണം. “മുമ്പേ അവന്റെ രാജ്യവും നീതിയും അന്വേഷിപ്പിൻ അതോടുകൂടെ ഇതൊക്കെയും നിങ്ങൾക്ക് കിട്ടും” (മത്തായി 6:33). ജീവിതത്തിൽ എല്ലാ മേഖലകളിലും ഒന്നാം സ്ഥാനം ദൈവത്തിന് നൽകാത്ത ആളുകൾക്ക് പലപ്പോഴും അവർ ആഗ്രഹിക്കുന്ന ഉത്തരങ്ങൾ ലഭിക്കുകയില്ല. പഠിക്കുവാനുള്ള ആഗ്രഹവും സ്വീകാര്യതയുടെ മനോഭാവവും ഉണ്ടായിരിക്കണം. “യഹോവേ നിന്റെ വഴികളെ എന്നെ അറിയിക്കണമേ, നിന്റെ പാതകളെ എനിക്ക് ഉപദേശിച്ചു തരണമേ” (സങ്കീർത്തനങ്ങൾ 25:4–5) “സൗമ്യതയുള്ളവരെ അവൻ ന്യായത്തിൽ നടത്തു

ന്നു.” (സങ്കീർത്തനം 25:9) “നിന്റെ എല്ലാ വഴികളിലും അവനെ നിനച്ചുകൊള്ളുക. അവൻ നിന്റെ പാതകളെ നേരെയാക്കും.” (സദൃശവാക്യങ്ങൾ 3:5-7). ദൈവത്തിൽ നിന്ന് ഉത്തരം ലഭിക്കാതെ വരുമ്പോൾ അയച്ചിട്ട് അലങ്കോലമായി നിറഞ്ഞു കിടക്കുന്ന ഒരു അക്കൗണ്ടിൽ ഇമെയിൽ ലഭിക്കാതെ പോകുന്നതുപോലെയാണ്. മനസ്സിനെ ശുദ്ധീകരിച്ച് തുറന്നതും സത്യസന്ധമായ മനസ്സോടെ ദൈവത്തെ അന്വേഷിക്കുക

## 2. വിശ്വാസത്തോടെ പ്രാർത്ഥിക്കുക

നിങ്ങളിൽ ഒരുത്തനു ജ്ഞാനം കുറവാകുന്നു എങ്കിൽ നിങ്ങളിൽ ഒരുത്തനു ജ്ഞാനം കുറവാകുന്നു എങ്കിൽ ഭർത്സിക്കാതെ എല്ലാവർക്കും സൗജന്യമായി കൊടുക്കുന്നവനായ ദൈവത്തോട് യാചിക്കട്ടെ. അപ്പോൾ അവന ലഭിക്കും. എന്നാൽ അവൻ ഒന്നും സംശയിക്കാതെ വിശ്വാസത്തോടുകൂടി യാചിക്കണം (യാക്കോബ് 1:5-6). പ്രധാന തീരുമാനങ്ങളിൽ ദൈവത്തിന്റെ മാർഗനിർദ്ദേശത്തിന്റെ ആവശ്യമുണ്ടാകുമ്പോൾ പ്രാർത്ഥിക്കുകയും ശരിയായ സമയത്തു ദൈവം ഉത്തരം നല്കുകയും ചെയ്യുമെന്ന് വിശ്വസിക്കുക. വിശ്വസിക്കുവാനും പ്രാർത്ഥിക്കുവാനും പഠിക്കുമ്പോൾ സമ്മർദ്ദങ്ങളും ആശങ്കകളും കുറയും.

## 3. ദൈവത്തോട് അടുക്കുക

ദൈവഹിതം അറിയുന്നതിനെക്കുറിച്ചുള്ള ഒരു സുപ്രധാനമായ സത്യം ഹോശേയ 6:3 ൽ പഠിപ്പിക്കുന്നു. “യഹോവയെ അറിയുവാൻ നാം ഉത്സാഹിക്കുക: അവൻറെ ഉദയം പ്രഭാതം പോലെ നിശ്ചയമുള്ളത്. അവൻ മഴപോലെ ഭൂമിയെ നനയ്ക്കുന്നു. പിന്മഴ പോലെ തന്നെ നമ്മുടെ അടുക്കൽ വരും.”നിങ്ങൾ ഒരാളെ എത്രത്തോളം അറിയുന്നുവോ അത്രയധികം അവരുടെ സ്വഭാവം ചിന്തകൾ, മുൻഗണനകൾ, ഉദ്ദേശ്യങ്ങൾ, ഇഷ്ടങ്ങൾ എന്നിവ നിങ്ങൾക്കു അറിയാം. ദൈവത്തിന്റെ കാര്യത്തിലും അങ്ങനെതന്നെ. ദൈവത്തോട് കൂടുതൽ അടുക്കുമ്പോൾ നാം ലോകത്തിൽ നിന്നും അകന്നു പോകും. ക്രിസ്തുവിനെ നാം കൂടുതൽ കൂടുതൽ അറിയുകയും കാണുകയും ചെയ്യുന്നു. ഇത് പിന്നീട് നമ്മുടെ ജീവിതത്തിൽ അവന്റെ ശബ്ദവും അവന്റെ ഇഷ്ടവും കൂടുതൽ മനസ്സിലാക്കുവാൻ നമ്മെ പ്രാപ്തരാക്കുന്നു.

## 4. നിശബ്ദമായിരുന്നു ശ്രദ്ധിക്കുക

“മിണ്ടാതിരുന്നു ഞാൻ ദൈവമെന്ന് അറിഞ്ഞുകൊള്ളുവിൻ” (സങ്കീർത്തനങ്ങൾ 46:10) എന്നാണ് ആശയക്കുഴപ്പത്തിലേക്ക് വരുമ്പോൾ ദൈവഹിതം വ്യക്തമാകാതെയും ദൈവം ആവശ്യപ്പെടുന്നതു. നിശബ്ദതയിൽ ദൈവത്തിൽ നിന്നുള്ള മൃദുവായ സ്വരം കേൾക്കുവാൻ തുടങ്ങേണ്ട സമയമാണിത്. അവന്റെ മക്കളെ ഉപേക്ഷിക്കുകയില്ല.

## 5. ക്ഷമയോടെ കാത്തിരിക്കുക

ദൈവഹിതം അന്വേഷിക്കുമ്പോൾ ദൈവം അവരുടെതായ ടൈംടേബിളിൽ നിന്നും വ്യത്യസ്തമായി പ്രവർത്തിക്കുന്നു എന്നു ദൈവമക്കൾ ഉടൻ കണ്ടെത്തും. നമ്മുടെ സമയപരിധികളോ ആവശ്യങ്ങളിലോ അവിടുന്ന് പരിമിതപ്പെടുന്നില്ല. എന്നിരുന്നാലും അവൻ എപ്പോഴും കൃത്യസമയത്ത് പ്രവർത്തിക്കും. ദൈവം എല്ലാം ഒറ്റയടിക്ക് വെളിപ്പെടുത്തുന്നില്ല. അവന്റെ ഇഷ്ടം വെളിപ്പെടുവാൻ കാത്തിരിക്കുമ്പോൾ പുരോഗതി ഉണ്ടാകുന്നു. “യഹോവയിങ്കൽ പ്രത്യാശവയ്ക്കുക ധൈര്യപ്പെട്ടിരിക്കുക” (സങ്കീർത്തനങ്ങൾ 27:14). നാം അന്വേഷിക്കുകയും കാത്തിരിക്കുകയും ചെയ്യുമ്പോഴാണ് ദൈവഹിതം പലപ്പോഴും പൂർത്തീകരിക്കപ്പെടുന്നത്. അതിനാൽ തളർന്നു പോകരുത് നിരാശപ്പെടരുത്. ദൈവം നിങ്ങൾക്കായി ചെയ്യേണ്ടതു് എന്താണെന്ന് നിങ്ങൾക്ക് അറിയാവുന്ന കാര്യങ്ങൾ ചെയ്യുന്നതിൽ ദൈവം വിശ്വസ്തത പുലർത്തും. എങ്ങനെ എപ്പോൾ വേണമെന്ന് ദൈവം പറയട്ടെ. കാര്യങ്ങൾ നിങ്ങളുടെ കയ്യിൽ എടുക്കരുത്. അവനിൽ ആശ്രയിക്കുക, ദൈവം തന്റെ ദിവ്യഹിതം വെളിപ്പെടുത്തുന്നതിനായി ക്ഷമയോടെകാത്തിരിക്കുക.

## 6. ദൈവഹിതത്തിനു സമർപ്പിക്കുക

ദൈവം പരമാധികാരി ആയിരിക്കുമ്പോൾ സ്വതന്ത്ര ഇച്ഛാശക്തിയും ധാർമികതയും ഉള്ള പ്രതിനിധികളായി മനുഷ്യരാശിയെ ദൈവം സൃഷ്ടിച്ചു. അതിനാൽ ദൈവഹിതത്തിന് കീഴ്പ്പെടുവാനും പിന്തുടരുവാനുമുള്ള ഒരു തിരഞ്ഞെടുപ്പ് ഇല്ലെങ്കിൽ ദൈവത്തിന്റെ പൂർണമായ ഹിതം ഒരു വ്യക്തിയുടെ ജീവിതത്തിൽ പൂർത്തീകരിക്കുന്നതിൽ നിന്ന് അട്ടിമറിക്കൽ നടക്കും. യേശു യെരുശലേമിനെ സംരക്ഷിക്കുവാൻ അങ്ങനെ തന്നെ ചെയ്യുവാൻ ആഗ്രഹിക്കുകയും ചെയ്തിരുന്നു. പക്ഷേ അവർക്ക് അതിനു മനസ്സില്ലായിരുന്നു (മത്തായി 23:37) വ്യക്തിപരമായ ആഗ്രഹങ്ങളും ഇഷ്ടങ്ങളും അവന്റെ കരങ്ങളിൽ സമർപ്പിക്കുവാനുള്ള പരിശ്രമമാണ് ദൈവഹിതം. വളരെയധികം ആളുകൾ അവരുടെ തീരുമാനങ്ങളിൽ ദൈവത്തിന്റെ അനുഗ്രഹം തേടുന്നു, അവിടുത്തെ ഹിതം ആദ്യം അന്വേഷിക്കാറില്ല. “എങ്കിലും എന്റെ ഇഷ്ട അല്ല നിന്റെ ഇഷ്ടം തന്നെ ആകട്ടെ” (ലൂക്കോസ് 22 :42) എന്ന് ക്രിസ്തു പ്രാർത്ഥിച്ചതു പോലെ നമുക്ക് പ്രാർത്ഥിക്കാം. ദൈവത്തിന്റെ ഹിതത്തിനു കീഴടങ്ങുവാൻ നാം തയ്യാറാകുന്നില്ലയെങ്കിൽ നാം വേറെ എന്താകുന്നു അന്വേഷിക്കുന്നത്?

# അനുസരണത്തിൽ നടക്കുന്നു



ജീവിതത്തിന്റെ എല്ലാ മേഖലകളിലും അനുസരണത്തോടെ നടക്കുമ്പോൾ ദൈവഹിതം അന്വേഷിക്കുക എന്നതു പ്രധാനമാണ്. അവന്റെ ഇഷ്ടം എന്ന് നാം അറിയുന്ന കാര്യങ്ങൾ നമുക്ക് അനുസരിക്കുവാൻ കഴിയുന്നില്ലെങ്കിൽ നമുക്ക് ഇഷ്ടമായ മേഖലകളിൽ ദൈവം തന്റെ ഹിതം വെളിപ്പെടുത്തുമെന്നു പ്രതീക്ഷിക്കുവാൻ കഴിയുകയില്ല. ഒരിക്കൽ ദൈവം തന്റെ ഇഷ്ടം വെളിപ്പെടുത്തിയാൽ അനുസരണത്തിലൂടെയും കർത്താവിന്റെ ഇഷ്ടം ചെയ്യുന്നതിലൂടെയും അത്ഭുതകരമായ ഒരു അനുഗ്രഹം ഉണ്ട്. “നിങ്ങൾ മനസ്സുവെച്ച് കേട്ടനുസരിക്കുന്നുവെങ്കിൽ ദേശത്തിലെ നന്മ അനുഭവിക്കും” (യെശ. 1:19)

ദൈവത്തിന്റെ നേതൃത്വത്തിലും പ്രചോദനത്തിലും ജീവിക്കുക എന്നത് ഒരു സാധ്യത മാത്രമല്ല, മഹത്തായ ഒരു യാഥാർത്ഥ്യമാണ്. നമ്മുടെ ഹൃദയങ്ങളെ ഒരുക്കി കർത്താവിനെ അന്വേഷിക്കുമ്പോൾ, നമുക്ക് അവന്റെ ഇഷ്ടം അറിയുവാനും പ്രവർത്തിക്കുവാനും കഴിയും. ദൈവഹിതം അറിയുന്നതു സമയത്തിന്റെയും വളർച്ചയുടെയും ഒരു പ്രക്രിയ ആണ്, ആയതിനാൽ നിരുത്സാഹപ്പെടരുതു. കർത്താവിനെ അറിയുവാൻ നിങ്ങൾ പിന്തുടരുമ്പോൾ അവന്റെ ശബ്ദത്തിന്റെ അത്ഭുതകരമായ മാർഗ്ഗനിർദ്ദേശത്തിന്റെ കീഴിൽ ജീവിക്കുവാൻ നിങ്ങൾ പഠിക്കും. ഈ ജീവിതയാത്രയിൽ ദൈവം നിങ്ങളെ നയിക്കുകയും വഴികാട്ടുകയും ചെയ്യും. ദൈവത്തിനു സ്തോത്രം. ■

# ചോദ്യവും ഉത്തരവും

## വ്യക്തിപരമായി നാം എടുക്കുന്ന ഓരോ തീരുമാനത്തിനും ദൈവീകഹിതം ഉണ്ടോ?

ദൈവം നമ്മെ സ്നേഹിക്കുന്നതിനാൽ നമ്മുടെ ജീവിതത്തിൽ ദൈവത്തിനു താല്പര്യം ഉണ്ട്. ആത്മീയ കാര്യങ്ങളിലും നമ്മുടെ ജീവിതത്തിന്റെ ഗുണനിലവാരത്തെയും ക്ഷേമത്തെയും ബാധിക്കുന്ന എല്ലാ കാര്യങ്ങൾക്കും അവന് പ്രത്യേക ആഗ്രഹം ഉണ്ട്. എന്നിരുന്നാലും വ്യക്തിപരമായ ചില കാര്യങ്ങളുടെ തിരഞ്ഞെടുപ്പിൽ ദൈവത്തിന് സജീവമായി പ്രത്യേക താല്പര്യങ്ങൾ ഇല്ല. നിങ്ങൾ ചുവരിൽ ചുവപ്പോ നീലയോ നിറം കൊടുക്കുന്നതോ? നിങ്ങൾ ബസ്സിലോ സ്വകാര്യ കാറിലോ പോകുന്നതോ? ഇന്നുരാത്രി അത്താഴത്തിന് നിങ്ങൾ ഉരുളക്കിഴങ്ങോ ചോറോ കഴിക്കുന്നതോ? മറ്റുമായി പല മേഖലകളിലും നമ്മുടെ ചായ്‌വുകൾ പിന്തുടരുവാനും ജീവിതത്തിന്റെ അനിവാര്യമായ മേഖലകളിൽ നമ്മുടെ മുൻഗണനകളെ മാനിക്കുവാനും ദൈവം നമ്മെ അനുവദിക്കുന്നു. ദൈവമക്കൾ ദൈവത്തിന്റെ പൊതുവായ ഹിതത്തിന്റെ പരിധിക്കുള്ളിൽ നിന്ന് ഭയമില്ലാതെ തങ്ങളുടെ ഇഷ്ടം സാധിച്ചെടുക്കണം. ആ അനിവാര്യമല്ലാത്ത തീരുമാനങ്ങൾക്കുള്ളിൽ ദൈവം ഒരു അപകടമോ തടസ്സമോ കാണുന്നുവെങ്കിൽ ഉചിതവും ആവശ്യവുമുള്ള സന്ദർഭങ്ങളിൽ മറിച്ച് വെളിപ്പെടുത്തുവാൻ ദൈവം വിശ്വസ്തൻ ആയിരിക്കുമെന്ന് നമുക്ക് വിശ്വസിക്കാം.

## ദൈവശബ്ദവും എന്റെ ചിന്തകളും പിശാചും തമ്മിൽ എങ്ങനെ വേർതിരിച്ചറിയുവാൻ കഴിയും?

നമ്മുടെ സ്വന്തം ചിന്തകൾ കാലത്തിനനുസരിച്ച് മാറും, വികാരത്താൽ ചഞ്ചലപ്പെടാം, എന്നാൽ ദൈവത്തിന്റെ ശബ്ദം സ്ഥിരമായിരിക്കും. "മനുഷ്യന്റെ ഹൃദയത്തിൽ പല വിചാരങ്ങൾ ഉണ്ട്; യഹോവയുടെ ആലോചനയോ നിലനിൽക്കും " (സദൃശ്യവാക്യങ്ങൾ 19:21) ഒരു പരിഭാഷയിൽ ഇങ്ങനെ വായിക്കുന്നു: "ഒരു മനുഷ്യന്റെ മനസ്സിലെ പദ്ധതികൾ പലതാണ്. നമ്മുടെ സ്വന്തം ചിന്തകൾ, ആശയക്കുഴപ്പം, സംശയങ്ങൾ പ്രക്ഷുബ്ധത എന്നിവ കൊണ്ടുവരുന്നു ദൈവത്തിന്റെ ശബ്ദം സമാധാനവും ശാന്തതയും മറ്റു സാക്ഷികൾക്കൊപ്പം ഉറപ്പു നൽകുന്നു. 1 കൊരിന്ത്യർ 14:33 പ്രസ്താവിക്കുന്നതു "ദൈവം കലക്കത്തിന്റെ ദൈവമല്ല'; സമാധാനത്തിന്റെ ദൈവമത്രെ, വിശുദ്ധന്മാരുടെ സർവ്വ സഭകളിലും". ഇത് ആരാധനയിൽ ദൈവജനത്തിന്റെ പെരുമാറ്റത്തെക്കുറിച്ച് പരാമർശിക്കുമ്പോൾ ദൈവം കലക്കത്തിന്റെ ദൈവമല്ല" എന്ന സുപ്രധാന സത്യം ഉണ്ട്. ചിന്തകൾ മനസ്സിനെ ആക്രമിക്കുകയും ആശയക്കുഴപ്പങ്ങളും ചോദ്യങ്ങളും കൊണ്ടുവരികയും ചെയ്യുമ്പോൾ കർത്താവ് നമ്മോട് പെരുമാറുന്നത് എങ്ങനെ എന്ന് നാം തിരിച്ചറിയേണ്ടതുണ്ട്. ദൈവം സംസാരിക്കുമ്പോൾ ഉത്തരം നൽകുകയും ആത്മാവിന്റെ ഉള്ളിൽ നിന്നു കർത്താവിന്റെ ഇഷ്ടം തിരിച്ചറിയുകയും ചെയ്യും.

ദൈവത്തിന്റെ ശബ്ദം എപ്പോഴും അവിടുത്തെ വചനവുമായി ഒത്തുപോകുന്നതായിരിക്കും. സത്യത്തിന്റെ അടിസ്ഥാന തത്വങ്ങൾക്ക് വിരുദ്ധമായ ഒരു വഴിയിൽ അവൻ നമ്മെ നയിക്കുകയില്ല. വർഷങ്ങൾക്ക് മുമ്പേ പുനർവിവാഹത്തിനെതിരെ പഠിപ്പിച്ച ഒരു ശുശ്രൂഷകനെ ഞാൻ ഓർക്കുന്നു; ദൈവം തന്നോട് സംസാരിച്ചെന്നും ഇനി തനിച്ച് ജീവിക്കേണ്ടതില്ലെന്നും ഇനി പുനർവിവാഹം കഴിക്കാം എന്നും അദ്ദേഹം തന്നെ സഭയോട് പറഞ്ഞു. ഇതു വ്യക്തമായും കർത്താവല്ല, കാരണം ഇത് തിരുവെഴുത്തുകളെ ലംഘിച്ചു ഒരു അഭിപ്രായം അല്ലെങ്കിൽ നടത്തിപ്പ് തിരുവചനത്തിനും വിപരീതമായി വരുമ്പോൾ അത് ദൈവത്തിൽ നിന്നുള്ളതല്ല എന്ന് തിരിച്ചറിയുകയും ആ ചിന്ത സ്വയത്തിൽ നിന്നോ പിശാചിൽ നിന്നോ ആയിരിക്കാം എന്ന് അറിയുകയും കഴിയും.

ചില സമയങ്ങളിൽ ഒരു ആന്തരിക ശബ്ദം ദൈവത്തിൽ നിന്നാണോ ശത്രുവിൽ നിന്നാണോ എന്ന ചോദ്യം ഉയരും. പത്രോസിന്റെ കാര്യം നോക്കുക. ശിഷ്യന്മാർ കൊടുങ്കാറ്റിൽ അകപ്പെട്ടപ്പോൾ യേശു സ്വയം വെളിപ്പെട്ടു. എന്നിരുന്നാലും പത്രോസ് പറഞ്ഞു, "കർത്താവേ നീ ആകുന്നു എങ്കിൽ ഞാൻ വെള്ളത്തിന്മേൽ നിന്റെ അടുക്കൽ വരേണ്ടതിന് കൽപ്പിക്കണം" (മത്തായി 14:28) യേശു അതു അംഗീകരിച്ചു. പത്രോസിന് വെള്ളത്തിന് മുകളിൽ നടക്കുവാൻ കഴിഞ്ഞു. കർത്താവ് പറയുമ്പോൾ തെളിവുകൾ പറയുന്ന സത്യത്തെ തെളിയിക്കും. പിശാച് ഭോഷ്കിന്റെ അപ്പനാണ്. വഞ്ചനാപരമായ അവന്റെ ശബ്ദം തിരിച്ചറിയുവാൻ നമുക്ക് കഴിയണം.

സാത്താൻ യേശുവിനോട് തിരുവെഴുത്തുകൾ ഉദ്ധരിച്ചപ്പോഴും സന്ദർഭത്തിൽ നിന്ന് ഭാഗികമായി പുറത്തെടുത്ത തിരുവെഴുത്തുകൾ ഉപയോഗിച്ചു. പിശാച് സംസാരിക്കുമ്പോൾ അവൻ മതപരമായ വേഷം ധരിക്കുമെങ്കിലും അവൻ നമ്മെ ദൈവത്തോട് അടുപ്പിക്കുന്ന കാര്യങ്ങളെക്കാൾ ജഡത്തിന്റെ മോഹങ്ങളെ ആകർഷിക്കുന്ന കാര്യങ്ങളെക്കുറിച്ചാണ് സംസാരിക്കുന്നത്.

തെറ്റുകൾ, പിശുക്കുകൾ, പാപങ്ങൾ എന്നിവയെക്കുറിച്ച് ദൈവം നമ്മോട് സംസാരിക്കുമ്പോൾ അവൻ പരിഹാരവും പ്രശ്നം തിരുത്തുവാനുള്ള വഴിയും നൽകും. ശത്രു സംസാരിക്കുമ്പോൾ അവൻ കുറ്റപ്പെടുത്തുകയും മനസ്സിനെയും ആത്മാവിനെയും അപലപിക്കുകയും ഒരു വീണ്ടെടുപ്പിനുള്ള വഴി നൽകാതെ പഴിച്ച് പറയുന്നു. അനേകം ആളുകൾ പിശാചിന്റെ കുറ്റാരോപണങ്ങൾക്ക് കീഴിൽ മോശമായി ധാരണയിൽ ജീവിക്കുന്നു. ഇത് ദൈവത്തിൽ നിന്നല്ല കാരണം യഥാർത്ഥ കുറ്റാരോപണത്തിൽ ദൈവം പ്രശ്ന പരിഹാരവും സമാധാനവും നൽകുന്നു.

Printed matter only

**MALAYALAM EDITION**

**നിങ്ങൾക്ക് അറിയാമോ?**

ആത്മീയരെന്നഭിമാനിക്കുന്നവർ പോലും മിക്ക സന്ദർഭങ്ങളിലും ദൈവത്തെയാണ് പഴിചാരാറുള്ളത്. "ദൈവ ശബ്ദ"ത്തിന്റെ പേരു പറഞ്ഞവർ തങ്ങളുടെ തീരുമാനത്തേയും പെരുമാറ്റത്തേയും സമർത്ഥമായി ന്യായീകരിക്കുകയാണ് ചെയ്യുന്നത്. നമ്മുടെ വ്യക്തിപരമായ കാര്യങ്ങളിൽ നമ്മുടെ ഇച്ഛാശക്തിക്ക് വിപരീതമായി ദൈവം ബലാൽക്കരണം ചെയ്യാറില്ല. വ്യക്തിപരമായി തീരുമാനം എടുക്കാനുള്ള സ്വാതന്ത്ര്യം ആശയങ്ങൾ തുടങ്ങിയവയിൽ ദൈവം ബലം പ്രയോഗിച്ച് ഒന്നും ചെയ്യുന്നില്ല. പ്രത്യുത നമ്മെക്കൊണ്ട് നല്ല തീരുമാനം എടുക്കുവാൻ തന്റെ ഇഷ്ടത്തെ സ്നേഹത്തോടെ വെളിപ്പെടുത്തുകയാണ്.

തക്കസമയത്ത് പറഞ്ഞ വാക്ക്

# ഞാൻ നിന്റെമേൽ ദൃഷ്ടിവച്ചു നിനക്കു ആലോചന പറഞ്ഞുതരും.

*ഞാൻ നിന്നെ ഉപദേശിച്ച് നടക്കേണ്ടുന്ന വഴി നിനക്ക് കാണിച്ചു തരും. ഞാൻ നിന്റെമേൽ ദൃഷ്ടിവച്ചു നിനക്കു ആലോചന പറഞ്ഞുതരും. സങ്കീ. 32:8*



പ്രശ്ന കലുഷിതമായ ഈ ലോകത്തിൽ എത്ര ഉദാത്തവും വ്യത്യസ്തവുമായ നല്ലൊരു ആശ്വാസ വാഗ്ദാനമാണ് ദൈവം ദാവീദിന് കൊടുത്തിട്ടുള്ളത്. ഇതുതന്നെയാണ് ദൈവം ഇന്ന് നമുക്കു വാഗ്ദാനം ചെയ്തിരിക്കുന്നത്. നമ്മുടെ സംശയങ്ങൾക്കും ആവശ്യങ്ങൾക്കും അത്താണിയായി ദൈവം തന്റെ വഴിയെ നമുക്ക് കാട്ടിത്തരുന്നു.

"ഞാൻ നിന്നെ ഉപദേശിച്ച് നീ നടക്കേണ്ടുന്ന വഴി നിനക്ക് കാണിച്ചുതരും." നീ വെള്ളത്തിൽ കൂടി കടക്കുമ്പോൾ ഞാൻ നിന്റെ കൂടെ ഇരിക്കും. ഏതുവഴിയിലൂടെ പോകേണമെന്ന് നാം അറിയാതിരിക്കുമ്പോൾ അവൻ ഒരു ഉത്തമ വഴികാട്ടി ആകും. ജീവിത പ്രതിസന്ധിഘട്ടങ്ങളിൽ അവൻ തക്ക തുണയാകും. വൈഷമ്യമേറിയ ഘട്ടങ്ങളിൽ അവൻ നമുക്ക് ഒരു നല്ല മാർഗദർശി തന്നെ. ഒരു നല്ല ഇടയൻ! അന്ധകാരത്തിൽ പ്രകാശദീപവും നിരാശവേളയിൽ ശുഭപ്രതീക്ഷയും അവൻ തന്നെ.

ഭാവി എന്താകുമെന്നോ നാളെ എന്തു സംഭവിക്കുമെന്നോ നമുക്കറിയില്ല. നമുക്കു മുമ്പിലുള്ള അപകടകെണിയെക്കുറിച്ചൊരു ബോധവും നമുക്കില്ലായിരിക്കാം. ദൈവം വാക്കു പറയുന്നു: ഞാൻ നിന്റെമേൽ ദൃഷ്ടിവച്ച് നിനക്ക് ആലോചന പറഞ്ഞുതരും. അവൻ സൂക്ഷ്മ നിരീക്ഷകനായി കൂടെ ഉള്ളപ്പോൾ ഭയപ്പെടേണ്ടതില്ല. വഴിയിൽ അപകടം പതിയിരിക്കുമ്പോൾ നമുക്കായി അവൻ ആപത്തൊഴിച്ചുമാറ്റി ദുർഘടങ്ങളെ സമഭൂമിയാക്കിത്തരും. ഇടറുമ്പോൾ നാം വീഴാതെ നമ്മെ തന്റെ ബലമുള്ള കരങ്ങളിൽ വഹിക്കും.

ജീവിതത്തിൽ അഭിമുഖീകരിക്കേണ്ടിവരുന്ന പ്രതിസന്ധിഘട്ടങ്ങളിൽ ഉചിതമായ ഒരു തീരുമാനം എടുക്കാൻ കഴിയാതെ വരുമ്പോൾ ദൈവം നൽകിയിട്ടുള്ള വാഗ്ദത്തവചനം ഓർക്കുക. ചിന്താകുഴപ്പങ്ങളുടെ നടുവിൽ ആ വചനങ്ങൾ നമ്മെ ശക്തീകരിക്കും. അവന്റെ ദൃഷ്ടി നമ്മുടെമേൽ ഉണ്ട്. ദൈവപൈതലേ നീ ഭയപ്പെടേണ്ടാ.

"യഹോവയുടെ ദൃഷ്ടി തന്റെ ഭക്തന്മാരുടെ മേലും തന്റെ ദയയ്ക്കായി പ്രത്യാശിക്കുന്നവരുടെ മേലും ഇരിക്കുന്നു." (സങ്കീ. 33:18) ദൈവം എല്ലാവരേയും സ്നേഹിക്കുന്നുവെങ്കിലും ദൈവജനത്തിനായി ഒരു പ്രത്യേക സംരക്ഷണവും കരുതലും ഒരുക്കുന്നു.

ക്ഷണികമായ കുരുകിലിനെ കാണുന്ന കർത്താവ് തനിക്കുള്ളവരെ അറിയുന്നു. അവൻ നടത്തും. ആകയാൽ ധൈര്യപ്പെടുക. നമ്മെ അക്കരെ എത്തിക്കുവാൻ അവൻ വിശ്വസ്തൻ തന്നെ. ■

if Undelivered
Please return to:


***Contact:***
The Editor
Gospel Truth
Karickam P.O
Kottarakara
Kerala 691531
India

**ബന്ധപ്പെടുക**
പത്രാധിപർ
ഗോസ്പൽ ട്രൂത്ത്
കരിക്കം പി.ഒ.
കൊട്ടാരക്കര - 691531
കേരള.


ദൈവ നാമം മഹത്വപ്പെടട്ടെ.




Chief Editor **Michael W. Smith** | Malayalam Editor: **Mathew Joseph** | Asst. Editor **Baby Mathew** | Publisher: **Biju J. Varghese**